**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഡിസംബർ രണ്ടുമുതൽ എട്ടുവരെ കണ്ണൂരിൽ നടന്ന ദേശീയ വനിതാ ബോക്സിംഗ് ചാമ്പ്യൻഷിപ്പിന് കണ്ണൂർ ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ തനതു ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.105/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, 13/01/2020**

പരാമർശം:- 1. കേരള സ്റ്റേറ്റ് അമേച്വർ ബോക്സിങ് അസോസിയേഷൻ സെക്രട്ടറിയുടെ 12/11/2019 ലെ കത്ത്.

2. ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19/11/2019 ലെ 910/2019/DPO/KNR/DPC നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഡിസംബർ രണ്ടുമുതൽ എട്ടുവരെ കണ്ണൂരിൽ നടക്കുന്ന ദേശീയ വനിതാ ബോക്സിംഗ് ചാമ്പ്യൻഷിപ്പിന് കണ്ണൂർ ജില്ലയിലെ പഞ്ചായത്തുകളിൽ നിന്ന് 15,000/- രൂപ വീതവും കോർപറേഷനുകളിൽ നിന്ന് 20,000/- രൂപ വീതവും അനുവദിക്കണമെന്നാണ് കേരള സ്റ്റേറ്റ് അമേച്വർ ബോക്സിങ് അസോസിയേഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡിസംബർ രണ്ടുമുതൽ എട്ടുവരെ കണ്ണൂരിൽ നടന്ന ദേശീയ വനിതാ ബോക്സിംഗ് ചാമ്പ്യൻഷിപ്പിന്, കണ്ണൂർ ജില്ലയിലെ പഞ്ചായത്തുകളിൽ നിന്നും 15,000/- രൂപ വീതവും (പതിനയ്യായിരം) കോർപറേഷനിൽ നിന്ന് 20,000/- രൂപയും (ഇരുപതിനായിരം രൂപ ) അതാത് സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നും, കമ്മിറ്റി തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിന്, പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി , കേരള സ്റ്റേറ്റ് അമേച്വർ ബോക്സിങ് അസോസിയേഷൻ

ജില്ലാ പ്ലാനിങ് ഓഫീസർ, കണ്ണൂർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട കോർപ്പറേഷൻ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Validity unknown

Digitally signed by SMITHA B CHANDRA
Date: 2020.01.24 [illegible]25 IST
Reason: Approved

സെക്ഷൻ ഓഫീസർ